പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2697 — 18/08/2017-ൽ മറുപടിക്ക്

## കെ.ഇ.ആർ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എം. ഉമ്മർ : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള കെ.ഇ.ആർ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) കെ.ഇ.ആർ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുമ്പോഴൊക്കെ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |
| (ബി) പ്രസ്തുത നിയമത്തിൽ ഉണ്ടായിരിക്കുന്ന അവ്യക്തത മൂലം അദ്ധ്യാപക നിയമനങ്ങളിലും തസ്തിക നിർണ്ണയത്തിലും നിയമനം അംഗീകരിക്കുന്ന കാര്യത്തിലും കോടതി വ്യവഹാരങ്ങൾ വർദ്ധിക്കുന്നതായ പ്രവണത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) തസ്തിക നിർണ്ണയത്തിലോ, നിയമനങ്ങൾ അംഗീകരിക്കുന്ന കാര്യത്തിലോ ഉള്ള ചട്ടങ്ങളിൽ കെ.ഇ.ആറിൽ അവ്യക്തതകൾ നിലവിലില്ല. നിയമങ്ങൾ പരിഷ്കരിക്കുമ്പോഴും സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോഴും മാനേജർമാരിൽ ഒരു ചെറിയ വിഭാഗം കോടതിയെ സമീപിക്കുന്നുണ്ട്. ഈ വിഷയങ്ങളിൽ കോടതിയുടെ തീർപ്പിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (സി) കെ.ഇ.ആർ പ്രകാരമുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?. | (സി) കെ.ഇ.ആർ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യം ആഴത്തിൽ അപഗ്രഥിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ